കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം-ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ സർവ്വീസ് ട്രയിനിംഗ് ഇൻ സർവ്വീസ് ട്രയിനിംഗ് ആക്കി മാറ്റി നിശ്ചയിച്ചു കൊണ്ട് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇ ആർ ബി) വകുപ്പ്

ജി.ഒ (എം.എസ്) നം. 137/2016 /ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി 28.09.2016.

---

പരാമർശം: 1. ജി.ഒ (പി) നം. 216/08/ത.സ്വ.ഭ.വ തീയതി 30/07/2008

2. ഗ്രാമവികസന കമ്മീഷണറുടെ 26/07/2016 ലെ 9755/ജെ.ആർ.വൈ3/16/സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥി നിയമനത്തിനു മുൻപ് സംസ്ഥാനത്തെ ഏതെങ്കിലും ഒരു എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററിൽ 6 മാസത്തെ പ്രീ സർവ്വീസ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയിരിക്കണമെന്ന് പരാമർശം (1) ലെ വിശേഷാൽ ചട്ടം ഖണ്ഡിക (6)ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ സർവ്വീസ് പരിശീലനം ഇൻ സർവ്വീസ് ആക്കണമെന്നും പരിശീലനത്തിന്റെ നിലവിലുള്ള സിലബസ് പരിഷ്കരിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു ഗ്രാമവികസന വകുപ്പിലെ പുതിയതായി നിയമിക്കപ്പെടുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ നിലവിലുള്ള 6 മാസത്തെ പ്രീ സർവ്വീസ് പരിശീലനം, പരിശീലന വിഷയങ്ങൾക്കു മാറ്റം വരുത്താതെ 3 മാസത്തെ ഇൻ സർവ്വീസ് പരിശീലനം ആക്കി പുതുക്കി നിശ്ചയിച്ചു കൊണ്ട് ഉത്തരവാകുന്നു. ഈ ഉത്തരവിന് 25/05/2016 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

പരാമർശം (1) ലെ വിശേഷാൽ ചട്ടത്തിൽ ഇപ്രകാരം ഭേദഗതി വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വിജയകുമാർ.റ്റി.പി**

**സ്പെഷ്യൽ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (09/09/2016 ലെ ഡൈവ-1/288/2016/ധനം നമ്പർ അ.ഔ.കുറിപ്പ് പ്രകാരം)

പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം )

ഇൻഫർമേഷൻ കേരള മിഷൻ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി